**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6905** **02.11.2011- ൽ മറുപടിക്ക്**

## നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.എ അസീസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിവഴി ഏതൊക്കെ പഞ്ചായത്തുകളിലാണ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിക്കുന്നത്; | (എ) | ലോക ബാങ്ക് സഹായത്തോടു കൂടി നാഷണൽ സൈക്ലോൺ റിസ്ക് മിറ്റിഗേഷൻ പദ്ധതിയിൽ കേരളത്തിലെ 9 തീരദേശ ജില്ലകളിൽ 40 സൈക്ലോൺ ഷെൽട്ടറുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് (ഡി.പി.ആർ) കേന്ദ്ര സർക്കാറിൽ സമർപ്പിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ ലോക ബാങ്ക് പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിട്ടുള്ളതും, അവർ നല്കിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതിനും പ്രോജക്ട് റിപ്പോർട്ടിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | എത്ര ഷെൽട്ടർ വീതമാണ് നിർമ്മിക്കുന്നത്; ഓരോ ഷെൽട്ടറിനും ചെലവാകുന്ന തുക എത്ര വീതമാണ്; | (ബി) | 9 തീരദേശ ജില്ലകളിൽ 40 സൈക്ലോൺ ഷെൽട്ടറുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഇത് 4 ടൈപ്പ് ഷെൽട്ടറുകളാണ്. ഇതിൽ ഓരോ ടൈപ്പിലുംപ്പെട്ട ഒരു ഷെൽട്ടറിന് താഴെപ്പറയുന്ന ചെലവു വരുന്നതാണ്.<br><br>ടൈപ്പ് 1 - 342.58 ലക്ഷം രൂപ<br>ടൈപ്പ് 2 - 292.75 ലക്ഷം രൂപ<br>ടൈപ്പ് 3 - 256.88 ലക്ഷം രൂപ<br>ടൈപ്പ് 4 - 222.5 ലക്ഷം രൂപ |
| (സി) | പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനവിനിയോഗം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാറുകൾ 75:25 എന്ന ക്രമത്തിലാണ് ധന വിനിയോഗത്തിന് ധാരണയായിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**